(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മലപ്പുറം ജില്ലയിലെ ജില്ലാ ലെവൽ പോലീസ് മീറ്റിംഗ്

1 [1623] *ശ്രീ. ഇസ്ഹാക് കുരിക്കൾ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരും എം.പി. മാരും പങ്കെടുക്കുന്ന ജില്ലാ ലെവൽ പോലീസ് മീറ്റിംഗ് മലപ്പുറം ജില്ലയിൽ നടക്കാറുണ്ടോ;

(ബി) എങ്കിൽ മലപ്പുറം ജില്ലയിൽ അവസാനമായി ഈ മീറ്റിംഗ് നടന്നത് എപ്പോൾ എന്ന് അറിയിക്കാമോ;

(സി) ഈ യോഗങ്ങളിലെ തീരുമാനങ്ങൾ സംബന്ധിച്ച് അവലോകനം നടത്താറുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 25-11-2004-ൽ

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കുന്നത്തൂർ താലൂക്കിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി

2 [1628] *ശ്രീ. കോവൂർ കുഞ്ഞുമോൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ താലൂക്കിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) ഫയർ സ്റ്റേഷന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് പുതിയതായി തുറക്കുന്നതിനായി തയ്യാറാക്കിയ ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ കുന്നത്തൂർ ഉൾപ്പെടുത്തിയിട്ടില്ല. സൗജന്യമായി സ്ഥലം, കെട്ടിടം, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ടും ലഭ്യമായാൽ കുന്നത്തൂരിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

പുതിയ ഫയർ സ്റ്റേഷനുകൾ

3 [1629] *ശ്രീ. എം. എ. വാഹിദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര ഫയർ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്; ആയതിന്റെ ലിസ്റ്റ് വെളിപ്പെടുത്തുമോ;

(ബി) ഇനി പുതുതായി എത്ര ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാനന്തവാടി, കടയ്ക്കൽ എന്നിവിടങ്ങളിലായി രണ്ട് ഫയർ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 30 എണ്ണം. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

നരിക്കുനി ഫയർ സ്റ്റേഷൻ

4 [1630] *ശ്രീ. സി. മമ്മൂട്ടി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നരിക്കുനി ഫയർ സ്റ്റേഷൻ എന്നത്തേക്ക് പ്രവർത്തനമാരംഭിക്കുമെന്ന് വിശദമാക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly